പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1603 — 11.2.2013-ൽ മറുപടിക്ക്

## നഗരസഭകളിൽ ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തിൽ നഗരസഭകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത് ; | എ) | ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. നഗരഗതാഗത സംവിധാനം മെച്ചപ്പെടുത്തൽ (Urban Road & Transport)<br>2. ഖരമാലിന്യ നിർമ്മാർജ്ജനം (തിരുവനന്തപുരം ഒഴികെ)<br>3. മലിനജല നിർമ്മാർജ്ജനം (Sewerage & Sanitation)<br>4. സ്റ്റോം വാട്ടർ ഡ്രെയിനേജ്<br>5. കുടിവെള്ള പദ്ധതി<br>6. തെരഞ്ഞെടുത്ത കോളനികളിൽ വിവധ സാമൂഹ്യ വികസന പ്രവർത്തനങ്ങൾ |
| ബി) | ഇവയിൽ ഏതെങ്കിലും പദ്ധതി പൂർത്തിയായിട്ടുണ്ടോ ; | ബി) | കോഴിക്കോട്, തൃശൂർ, കൊച്ചി കോർപ്പറേഷനുകളിൽ നഗരഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഏറ്റെടുത്ത റോഡ് വികസന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം നഗരസഭകളിലെ റോഡ് വർക്കുകൾ 90% ലേറെ പൂർത്തിയായിക്കഴിഞ്ഞു. ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി വിവിധ വാഹനങ്ങൾ/ ഉപകരണങ്ങൾ വാങ്ങി കോർപ്പറേഷനുകൾക്ക് കൈമാറിയിട്ടുണ്ട്. വിവിധ കോളനികളിലായി അംഗൻവാടി, ഓടകൾ, നടപ്പാത, മുതലായവ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരത്ത് 107 MLD മലിനജല ശുദ്ധീകരണശാലയുടെ പണി പൂർത്തിയായി, ട്രയൽറൺ നടന്നു വരുന്നു. തൃശൂരിൽ 42 കോടിയുടെ കുടിവെള്ള പദ്ധതി പൂർത്തിയായി. |
| സി) | പ്രസ്തുത പദ്ധതികൾക്കായി ഓരോ നഗരസഭയ്ക്കും എന്തുതുക വീതം അനുവദിച്ചിട്ടുണ്ട് ; | സി) | പദ്ധതി രൂപരേഖ പ്രകാരം കോർപ്പറേഷനുകൾക്ക് അനുവദിച്ചിരിക്കുന്ന അടങ്കൽ തുക (as per loan agreement) ഇപ്രകാരമാണ്. |

| | |
|---|---|
| 1. തിരുവനന്തപുരം | 107.64 കോടി |
| 2.കൊല്ലം | 122.99 കോടി |
| 3.കൊച്ചി | 185.07 കോടി |
| 4.തൃശൂർ | 107.69 കോടി |
| 5.കോഴിക്കോട് | 127.06 കോടി |

ഡി) അതിൽ എന്ത് തുക വീതം ചെലവഴിച്ചു ;

ഡി) 31.12.2012 വരെ താഴെപറയും പ്രകാരം തുക ചെലവഴിച്ചു.

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 68.38 കോടി |
| 2. | കൊല്ലം | 49.89 കോടി |
| 3. | കൊച്ചി | 74.63 കോടി |
| 4. | തൃശൂർ | 83.33 കോടി |
| 5. | കോഴിക്കോട് | 73.19 കോടി |

ഇ) അതുമൂലം എന്തൊക്കെ ഭൗതിക നേട്ടം കൈവരിക്കാനായി എന്ന് വ്യക്തമാക്കുമോ ?

ഇ) നഗരഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ കോർപ്പറേഷനുകളിലെ പ്രധാനപ്പെട്ട റോഡുകളുടെ നിലവാരം ഉയർത്തുകയും ഗതാഗത സംവിധാനം സുഗമമാകുകയും ചെയ്തിട്ടുണ്ട്.

മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി വാഹനങ്ങൾ/ഉപകരണങ്ങൾ നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. തന്മൂലം മാലിന്യങ്ങൾ നീക്കം ചെയ്യുന്ന സംവിധാനം മെച്ചപ്പെട്ടിട്ടുണ്ട്.

കുടിവെള്ള പദ്ധതി (Water Supply) വഴി നഗരപ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നു.

കോളനികളിൽ നടത്തിയ വിവിധ വികസന പ്രവർത്തനങ്ങൾ വഴി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

ഡ്രെയിനേജ് പദ്ധതികൾ പൂർത്തിയാകുന്നതിലൂടെ മഴവെള്ള നിർഗമനം സുഗമമാവുന്നു.

ദ്രവമാലിന്യ സംസ്കരണപ്ലാന്റുകൾ പൂർത്തിയാകുമ്പോൾ സ്വീവേജ് പ്രശ്നം ഒരളവ് വരെ പരിഹരിക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ